"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് - ഹെൽത്ത് ഗ്രാന്റിന്റെ ഭാഗമായ സ്കീം 6 ന് 2021-22 ലെ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുക വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2411/2025/LSGD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം. 2132/2022/തസ്വഭവ; തീയതി 31.08.2022
2. സ.ഉ(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022
3. സ.ഉ (സാധാ)നം.1078/2023/തസ്വഭവ; തീയതി 20.05.2023
4. 27.02.2024 ലെ 171/എഫ്.എം.3/2021/തസ്വഭവ നമ്പർ സർക്കാർ കത്ത്
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.03.2024 ലെ LSGD/PD/5562/2024-DPLD4 നമ്പർ കത്ത്
6. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 27.07.2024ലെ NHM/1897/DEO(NCD)/2024/SPMSU നമ്പർ കത്ത്

**ഉത്തരവ്**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ സ്കീം 6 നുള്ള 2021-22 ലെ ആദ്യ ഗഡുവായി ലഭിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരവും രണ്ടാം ഗഡുവായി ലഭിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3) ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിരുന്നു. ഇതിൽ ചുവടെ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ നിന്നും നിശ്ചിത തുക ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ (HMC) അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുവാൻ പരാമർശം (4), (5) കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

i. അർബൻ പോളിക്ലിനിക്കുകൾ
ii. നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ (UPHCs) ആവർത്തന ചെലവുകൾ
iii. നഗരപ്രദേശങ്ങളിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾ

iv. നഗര മേഖലയിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ
v. വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം
vi. 360 ഡിഗ്രി എൻ.സി.ഡി കെയർ സെന്റർ

2. മേല്പറഞ്ഞ പ്രകാരം നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ എച്ച്.എം.സി അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുക ഇപ്പോൾ എച്ച്.എം.സി അക്കൗണ്ട് മുഖേനയാണ് വിനിയോഗിക്കുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് തുക ചെലവഴിക്കണമെന്ന രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ തുകയുടെ വിനിയോഗം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥർ സംശയം ഉന്നയിക്കുന്നതായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4), (5) കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എച്ച്.എം.സി അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുകയുടെ വിനിയോഗത്തിന് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

i. എച്ച്.എം.സി അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച തുകയുടെ വിനിയോഗത്തിന് എച്ച്.എം.സി അക്കൗണ്ടിന്റെ വിനിയോഗത്തിനുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും.
ii. പ്രവർത്തനങ്ങളുടെ നിർവ്വഹണ ചുമതല അതാത് ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ടിന് /മെഡിക്കൽ ഓഫീസർക്ക് ആയിരിക്കും.
iii. സിവിൽ വർക്കുകൾ, അറ്റകുറ്റപ്പണികൾ, ഫർണിച്ചറുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും സംഭരണം എന്നിവ എച്ച്.എം.സി തീരുമാനപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ/ഏജൻസികൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. സിവിൽ വർക്ക്സ്, അറ്റകുറ്റ പ്രവർത്തനങ്ങൾ എന്നിവയുടെ പ്രവൃത്തി ഏജൻസികൾ മുഖാന്തിരം തിരഞ്ഞെടുത്തു നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ (PMC/NON PMC) പാലിക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ ശേഷം തദ്ദേശ സ്ഥാപന എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങേണ്ടതാണ്.
iv. നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ടുകൾ, ചെലവ് കണക്കുകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ കൃത്യമായ ഇടവേളകളിൽ തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും പ്രതിമാസ നിർവഹണ പുരോഗതി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.
v. മെഡിക്കൽ ഉപകരണങ്ങൾ, ലബോറട്ടറി സാമഗ്രികൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നുമാണ് വാങ്ങേണ്ടത്. ഇത് ലഭിക്കാത്ത പക്ഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് Non-availability Certificate നേടിയ ശേഷം മറ്റ് സ്രോതസ്സുകളിൽ നിന്ന് വാങ്ങാവുന്നതാണ്.
vi. എച്ച്.എം.സി അക്കൗണ്ടിൽ വിവിധ സ്രോതസുകളിൽ നിന്നുള്ള തുക വരുന്നതിനാൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗത്തിന് പ്രത്യേക വിനിയോഗ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
vii. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച ഫണ്ട് നിർദിഷ്ട പ്രവർത്തനങ്ങൾക്കല്ലാതെ ആരോഗ്യ സ്ഥാപനത്തിന്റെ മറ്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല.

viii. മെഡിക്കൽ ഓഫീസർ ഒപ്പിട്ട വിനിയോഗ സർട്ടിഫിക്കറ്റ് എല്ലാ മാസവും 10 ന് മുൻപായി PMS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതിന് അതത് ജില്ലാ NHM ഓഫീസിൽ അറിയിക്കേണ്ടതാണ്.

4. തുക മാറ്റി നിക്ഷേപിക്കാതെ പ്രവർത്തനങ്ങൾ ആരംഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തനങ്ങളുടെ നിർവഹണം തുടരാവുന്നതാണ്.

5. പരാമർശം (1), (2), (3) ഉത്തരവുകൾ ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MADHUSOODHANAN V

അണ്ടർ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
10. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ-റൂറൽ
11. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ -അർബൻ
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 04-10-2025 11:18:02

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്